പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3067

22-06-2012 – ൽ മറുപടിയ്ക്ക്

## ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്ന സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ ഈ വർഷം എത്ര കോടി രൂപ ഹ്രസ്വകാല വായ്പ നൽകുകയുണ്ടായെന്നും കൃഷി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(ബി) കൃഷി വകുപ്പിന്റെ ഇക്കാര്യത്തിലുള്ള ലക്ഷ്യം വിശദമാക്കാമോ; | (എ) യും (ബി) യും കർഷകക്ഷേമം ലക്ഷ്യമാക്കി പ്രൈമറി അഗ്രികൾച്ചറൽ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ പ്രൈവറ്റ് സെക്ടർ ബാങ്കുകൾ , വാണിജ്യ ബാങ്കുകൾ എന്നിവ മുഖേന സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നു. 2012-2013 വർഷം പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന 560.35 കോടി രൂപയുടെയും 2011-12 വർഷം ദേശസാൽകൃത ബാങ്കുകൾ മുഖേന 8497 കോടി രൂപയുടെയും പ്രൈവറ്റ് സെക്ടർ ബാങ്കുകൾ മുഖേന 4080.62 കോടി രൂപയുടെയും, വാണിജ്യ ബാങ്കുകൾ മുഖേന 26964.25 കോടി രൂപയുടെയും ഹ്രസ്വകാല വായ്പ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഹ്രസ്വകാല കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ പൂർണ്ണമായി ഒഴിവാക്കാൻ എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5% പലിശ ഇളവ് അനുവദിക്കുന്നതിലേയ്ക്കായി ഒരു കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തുകയും ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2012-2013 വർഷത്തിൽ സർക്കാർ 31 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ബഡ്ജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഈ തുക കൊണ്ട് എത്ര കർഷകർക്ക് എത്ര ലക്ഷം വരെയുള്ള പലിശ ഒഴിവാക്കി കൊടുക്കാനാകും; ഈ സ്കീമിന് ഭരണാനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കാമോ; | (ഡി) 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനാവശ്യമായ ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം എല്ലാ കാർഷിക വായ്പക്കാർക്കും ഈ ഇനത്തിൽ 5% പലിശ സബ്സിഡി നൽകുന്ന പദ്ധതി അംഗീകരിക്കുകയുണ്ടായി. അതിൽ 2011-2012 വാർഷിക പദ്ധതിയിൽ ഒരു കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. |

നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നതിന് ടി പദ്ധതി നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും, അതിൽ പലിശ രഹിത വായ്പ നൽകുന്നതിന് 2011-12 ൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ കഴിച്ച് 31 കോടി രൂപ തൻവർഷം അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു (1)

(ഇ) ഈ വർഷം ഇതിനകം എത്ര കോടി രൂപ കൃഷിക്കാർക്ക് ഈ ഇനത്തിൽ ലഭ്യമാക്കുകയുണ്ടായി?

(ഇ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5% പലിശ ഇളവ് അനുവദിക്കുന്ന.തിലേയ്ക്കായി ഒരു കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തുകയും ആയത് പിൻവലിച്ച് സംഘം രജിസ്ട്രാറുടെ പേരിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. (2)

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

# കേരള സർക്കാർ

**സംഗ്രഹം**

സ്ഹകരണ വകുപ്പ് - സംസ്ഥാനത്ത് നബാർഡ് വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശ രഹിതമാക്കുന്നതിനുള്ള സർക്കാർ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (ബി) വകുപ്പ്

**സ. ഉ. (സാധാ) നം. 315/2012/സഹ തീയതി, തിരുവനന്തപുരം, 26.05.2012**

---

പരാമർശം:- 1. 14.03.2012 ലെ സ.ഉ (സാധാ) നം. 157/2012/സഹ നമ്പർ ഉത്തരവ്
2. 30.03.2012 ലെ സ.ഉ (സാധാ) നം. 237/2012/സഹ നമ്പർ ഉത്തരവ്

## ഉത്തരവ്

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് 7% പലിശയ്ക്കാണ് സഹകരണ ബാങ്കുകൾ വഴി ഹ്രസ്വകാല വായ്പകൾ വിതരണം ചെയ്ത് വരുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്‌വെൻഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട് .

2. നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിതവായ്പയായി നൽകുന്നതിനും ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും അതിൽ പലിശ രഹിത വായ്പ നൽകുന്നതിന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ കഴിച്ച് 31 കോടി രൂപ തൻ വർഷം അനുവദിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ഉഷാദേവി**
**അഡീഷണൽ സെക്രട്ടറി &**
**സെക്രട്ടറി ഇൻ-ചാർജ്ജ്**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്/പ്ലാനിംഗ് വകുപ്പ്/പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

-Sd-

*സെക്ഷൻ ഓഫീസർ*

True Copy.

Section Officer.

സെക്ഷൻ ഓഫീസർ